# നാം അറിഞ്ഞിരിക്കേണ്ട നാല് പ്രധാന വ്യത്യാസങ്ങൾ

സാക് പുന്നൻ

WFTW 08 ജൂൺ 2014

1. പ്രലോഭനവും പാപവും:- പ്രലോഭിപ്പിക്കപ്പെടുന്നതും പാപം ചെയ്യുന്നതും തമ്മിൽ ഒരു വ്യത്യാസമുണ്ട്. വേദപുസ്തകം പറയുന്നു, "ഓരോരുത്തൻ പരീക്ഷിക്കപ്പെടുന്നത് സ്വന്ത മോഹത്താൽ ആകർഷിച്ചു വശീകരിക്കപ്പെടുകയാൽ ആകുന്നു. മോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു...'' (യാക്കോ. 1:14, 15). നമ്മുടെ ജഡത്തിലുള്ള മോഹത്തെ ഗർഭം ധരിക്കാൻ അനുവദിക്കുന്നതു വരെ നമ്മുടെ ഹൃദയത്തിൽ പാപം ജനിക്കുന്നില്ല. ഒരു മോഹം നമ്മുടെ മനസ്സിലേക്ക് ഒരു നിർദ്ദേശം പൊടുന്നനവേ മിന്നിക്കുമ്പോൾ, നാം പ്രലോഭിക്കപ്പെടുന്നു. ആ പ്രലോഭനത്തിന് നമ്മുടെ മനസ്സ് സമ്മതിക്കുകയാണെങ്കിൽ അപ്പോൾ ഗർഭധാരണം നടക്കുകയും പാപം ജനിക്കുകയും ചെയ്യുന്നു. പ്രലോഭിപ്പിക്കപ്പെടുന്നതു മൂലം നാം തിന്മയുള്ളവരായി തീരുന്നില്ല. യേശു തന്നെ പ്രലോഭിപ്പിക്കപ്പെട്ടു. എന്നാൽ ഒരിക്കലും ഒരു പ്രാവശ്യംപോലും ഒരുവിധത്തിലും അവൻ പാപം ചെയ്തില്ല. അതുകൊണ്ട് അവൻ പൂർണ്ണമായും നിർമ്മലനായിരുന്നു.

യേശു "സകലത്തിലും തന്റെ സഹോദരന്മാരോട് സദൃശനായിതീർന്നു'' എന്നും "നമ്മെപ്പോലെ സകലത്തിലും പരീക്ഷിക്കപ്പെട്ടു'' എന്നും തിരുവചനം പറയുന്നു (എബ്രാ. 2:17, 4:15). അവൻ നമ്മെപ്പോലെ തന്നെ പരീക്ഷിക്കപ്പെട്ടു, എന്നിട്ടും അവൻ ഒരിക്കലും പാപം ചെയ്തില്ല. നമ്മിൽ ചിലർക്ക് അതു വളരെ അതിശകരമായി തോന്നുന്നില്ലായിരിക്കാം. കാരണം യേശു ദൈവമായിരുന്നതുകൊണ്ട് സ്വാഭാവികമായും പാപത്തെ എളുപ്പത്തിൽ അതിജീവിക്കുവാൻ കഴിഞ്ഞു എന്നാണ് അവർക്കു തോന്നുന്നത്. എന്നാൽ ഓർക്കുക, അവൻ ഭൂമിയിലേക്കു വന്നപ്പോൾ ദൈവത്തോട് സമമായുണ്ടായിരുന്ന എല്ലാ പ്രത്യേകാധികാരങ്ങളിൽനിന്നും "തന്നെത്താൻ ശൂന്യനാക്കിയിരുന്നു'' (ഫിലി. 2:6,7). അവൻ ദൈവമായിരുന്നു എങ്കിലും ഭൂമിയിൽ അദ്ദേഹം ഒരു മനുഷ്യനായി ജീവിച്ചു. നമുക്കു പരിശുദ്ധാത്മാവിന്റെ ശക്തിയിലേക്ക് ഇന്ന് അവൻ നൽകിയിരിക്കുന്ന അത്രയും പ്രവേശനം മാത്രമേ അന്ന് യേശുവിന് ഉണ്ടായിരുന്നുള്ളു. അതുകൊണ്ടാണ് നമ്മോട് "യേശുവിങ്കലേക്കു നോക്കിക്കൊണ്ട്'' ഓട്ടം ഓടുവാൻ പറഞ്ഞിരിക്കുന്നത്. ഇന്നു നമ്മുടെ "പാപത്തിനെതിരെയുള്ള പോരോട്ടത്തിൽ'' അവന്റെ മാതൃക നോക്കുവാനും ഉത്സാഹിപ്പിക്കപ്പെടുവാനും കഴിയും (എബ്രാ. 12:2-4). അതുകൊണ്ട് ഒരു മനുഷ്യനായിട്ടു തന്നെ നാം നേരിടുന്ന ഓരോ പ്രലോഭനങ്ങളെയും, അവൻ ജയിച്ചത്. അങ്ങനെ അവൻ നമുക്ക് ഒരു മുന്നോടിയും അനുഗമിപ്പാൻ ഒരു മാതൃകയും ആയിത്തീർന്നു (എബ്രാ. 6:20). ഇതാണ് ദൈവഭക്തിയുടെ മർമ്മം... ക്രിസ്തു ജഡത്തിൽ വെളിപ്പെട്ടു... ആത്മാവിൽ നീതീകരിക്കപ്പെട്ടു...'' (1 തിമൊ. 3;16). അവന് നമ്മുടെ ജഡം ഉണ്ടായിരുന്നെങ്കിലും തന്റെ ജീവിതത്തിലുടനീളം അവൻ തന്റെ ആത്മാവിനെ നിർമ്മലമായി സൂക്ഷിച്ചു. ഇതാണ് അവൻ ജയിച്ചതുപോലെ നമുക്കും ജയിക്കാം എന്നുള്ള പ്രത്യാശ തരുന്നത്. തന്റെ ജഡത്തിലൂടെ അവൻ നമുക്ക് അവനുള്ള ഒരു പുതിയ വഴി തുറന്നു തന്നതുകൊണ്ട് അതിലൂടെ നമുക്ക് അവനെ അനുഗമിക്കാം (എബ്രാ. 10:20).

2. പഴയമനുഷ്യനും പുതിയ മനുഷ്യനും:- പഴയ മനുഷ്യൻ ക്രൂശിക്കപ്പെട്ടു. ഉരിഞ്ഞുകളഞ്ഞു, അടക്കപ്പെട്ടു. നമ്മുടെ ഉള്ളിൽ ഇപ്പോൾ "ദൈവമേ അവിടുത്തെ ഇഷ്ടം ചെയ്യുവാൻ ഞാൻ വന്നിരിക്കുന്നു'' (എബ്രാ. 10:7) എന്നു പറയുന്ന ഒരു പുതിയ മനുഷ്യൻ ഉണ്ട്. യേശുവിന്റെ ഒരു ശിഷ്യന് പാപം ചെയ്യാൻ സാധ്യമാണ്. എന്നാൽ ഒരു ശിഷ്യൻ പാപം ചെയ്യുന്നതും ഒരു അവിശ്വാസി പാപം ചെയ്യുന്നതും തമ്മിൽ വ്യത്യാസമുണ്ട്. അത് ഒരു പൂച്ച മലിനജലത്തിൽ വീഴുന്നതും ഒരു പന്നി മലിനജലത്തിലേക്ക് സ്വന്ത ഇഷ്ടത്താൽ എടുത്തുചാടുന്നതും തമ്മിലുള്ള വ്യത്യാസമാണ്. പൂച്ച അഴുക്കു വെള്ളത്തെ വെറുക്കുന്നു. എന്നാൽ യാദൃശ്ചികമായി അതിൽ വീണുപോയി. പന്നി എങ്ങനെയായാലും അതിനെ സ്നേഹിക്കുന്നു. അതെല്ലാം പ്രകൃതത്തിന്റെ ഭാഗമാണ്. യേശുവിന്റെ

ശിഷ്യന് നിർമ്മലതയെ സ്നേഹിക്കുകയും പാപത്തെ വെറുക്കുകയും ചെയ്യുന്ന ഒരു പുതിയ പ്രകൃതമാണ് ഉള്ളത്.

പഴയ മനുഷ്യൻ പാപം ചെയ്യാൻ ആഗ്രഹിക്കുന്നു. പുതിയ മനുഷ്യൻ ഒരിക്കലും പാപം ചെയ്യാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ പുതിയ മനുഷ്യൻ വേണ്ടത്ര ശക്തൻ അല്ലെങ്കിൽ ജഡത്തിന്റെ മോഹങ്ങൾക്കെതിരെ തന്റെ ഹൃദയത്തിന്റെ വാതിൽ അടയ്ക്കപ്പെട്ട അവസ്ഥയിൽ സൂക്ഷിക്കാൻ അവനു കഴിയാതെ വന്നേക്കാം. അതിനു കാരണം അവന് ആ മോഹങ്ങളെ വേണ്ടിയതുകൊണ്ടല്ല. എന്നാൽ അവയെ എതിർക്കുവാൻ മതിയായ വിധത്തിൽ അവൻ ശക്തനല്ലാത്തതുകൊണ്ടാണ്. ഇതിന് കാരണം അവൻ മതിയാവോളം അവനെ തന്നെ ദൈവവചനത്തിൽ പോഷിപ്പിക്കാത്തതിനാലായിരിക്കാം. അല്ലെങ്കിൽ അവൻ പ്രാർത്ഥനയിലൂടെ അവനെ തന്നെ ശക്തിപ്പെടുത്തിയിട്ടില്ലാത്തതുകൊണ്ടായിരിക്കാം.

അതുകൊണ്ട് പാപം ചെയ്യുന്നതും പാപത്തിൽ വീഴുന്നതും തമ്മിൽ ഒരു വ്യത്യാസമുണ്ട്. ഈ വ്യത്യാസം അറിഞ്ഞിരിക്കേണ്ടത് വളരെ പ്രധാനപ്പെട്ട കാര്യമാണ്; കാരണം നമ്മുടെ ഹൃദയത്തിലുള്ള ആവശ്യമില്ലാത്ത അനേകം കുറ്റം വിധിക്കുന്ന തോന്നലുകളെ നമുക്ക് ഒഴിവാക്കാൻ കഴിയും. വേദപുസ്തകം പറയുന്നു: 'പാപം ചെയ്യുന്നവൻ (അതായത്, മനപൂർവ്വം പാപം ചെയ്യുന്നത് തുടർന്നുകൊണ്ടിരിക്കുന്നവൻ) പിശാചിന്റെ മകൻ ആകുന്നു'' (1 യോഹ. 3:8). മറുവശത്ത്, അദ്ദേഹം ഇങ്ങന പറഞ്ഞുകൊണ്ട് വിശ്വാസികൾക്ക് എഴുതുന്നു. "ഒരുവൻ പാപം ചെയ്തു എങ്കിലോ (അതായത് , യാദൃശ്ചികമായി ഒരുവൻ പാപത്തിൽ വീണാൽ) നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്ക് പിതാവിന്റെ അടുക്കൽ ഉണ്ട്...'' ( 1 യോഹ. 2:1,2).

3. ബോധപൂർവ്വവും, ബോധപൂർവ്വമല്ലാത്തതുമായ പാപം:- പാപത്തിൽ വീഴുന്നതും പാപം ഉണ്ടായിരിക്കുന്നതും തമ്മിൽ വ്യത്യാസമുണ്ട്. പാപം ഉണ്ടായിരിക്കുക എന്നാൽ നമ്മുടെ വ്യക്തിത്വത്തിൽ ബോധപൂർവ്വമല്ലാത്ത പാപം ഉണ്ട് എന്നാണ്- നമുക്ക് തന്നെ അറിവില്ലാത്ത പാപം, അതു നമ്മെക്കാൾ പക്വതയുള്ള മറ്റു ചിലർക്ക് നമ്മിൽ അതു ശ്രദ്ധിക്കാൻ കഴിഞ്ഞാലും നാം അതറിയുന്നില്ല. എന്നാൽ അങ്ങനെയുള്ള ബോധപൂർവ്വമല്ലാത്ത പാപങ്ങൾ ഒരിക്കലും നമ്മെ കുറ്റം വിധി ഉള്ളവരാക്കേണ്ട ആവശ്യമില്ല. കാരണം ദൈവവചനം പറയുന്നു: "ന്യായപ്രമാണം ഇല്ലാതിരിക്കുമ്പോൾ പാപം കണക്കിടുന്നില്ല'' (റോമ. 5:13). (നമ്മുടെ ബോധമനസ്സിൽ പാപത്തെക്കുറിച്ച് അറിവില്ലാത്തപ്പോൾ ദൈവം നമ്മോട് പാപം കണക്കിടുന്നില്ല എന്നും ഇത് അർത്ഥമാക്കുന്നു).

നമ്മുടെ മരണദിനം വരെ നമ്മിൽ ബോധപൂർവ്വമല്ലാത്ത പാപങ്ങൾ നമുക്കുണ്ടായിരിക്കും - എങ്ങനെയായാലും നാം വെളിച്ചത്തിൽ നടക്കുന്നു എങ്കിൽ അത് കുറഞ്ഞു കുറഞ്ഞു വരും. വേദപുസ്തകം പറയുന്നു "നമ്മിൽ പാപം ഇല്ല എന്നു നാം പറയുന്നു എങ്കിൽ നാം നമ്മെത്തന്നെ വഞ്ചിക്കുന്നു...'' (1യോഹ. 1:8). തനിക്ക് പാപം ഇല്ല എന്ന് പറയുന്ന ഒരുവൻ വാസ്തവത്തിൽ അവകാശപ്പെടുന്നത് അവൻ ഇപ്പോഴേ ക്രിസ്തുവിനെപ്പോലെ പൂർണ്ണൻ ആയിത്തീർന്നിട്ടുണ്ട് എന്നാണ്. എന്നാൽ ദൈവവചനം പറയുന്നത് നാം അവനെപ്പോലെയാകുന്നത് അവൻ മടങ്ങി വരുമ്പോൾ മാത്രമാണന്നാണ് - അതിനുമുമ്പേയല്ല (1 യോഹ 3:2). നേരത്തെ തന്നെ മുഴുവനായും ശുദ്ധീകരിക്കപ്പെട്ടവരും, പൂർണ്ണതയുള്ളവരുമെന്ന് അവകാശപ്പെടുന്നവർ തങ്ങളെത്തന്നെ വഞ്ചിക്കുകയാണ്. ബോധപൂർവ്വമല്ലാത്ത പാപവും, ഏതുവിധത്തിലും കഴുകപ്പെടേണ്ടതാണ്. നാം ദൈവത്തിന്റെ വെളിച്ചത്തിൽ നടക്കുന്നിടത്തോളം "യേശുക്രിസ്തുവിന്റെ രക്തം സകല പാപവും (ബോധപൂർവ്വമല്ലാത്ത പാപംകൂടെ) പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1 യോഹ. 1:7). അതുകൊണ്ട് നിത്യമായി പരിശുദ്ധനായ ഒരു ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ ഇപ്പോൾ ധൈര്യത്തോടെ നമുക്ക് നിൽക്കാൻ കഴിയും. ഒരു ഭയവും കൂടാതെ തന്നെ നിൽക്കാം. നമ്മെ നീതീകരിക്കുവാനുള്ള ശക്തി അത്രമാത്രമാണ്. ഹാലേലുയ്യാ!

4. കരുണയും കൃപയും "നാം കരുണയും തക്കസമയത്ത് സഹായത്തിനുള്ള കൃപ പ്രാപിക്കാനുമായി കൃപാസനത്തിലേക്ക്'' ധൈര്യത്തോടെ വരുവാനാണ് നമ്മോട് പറഞ്ഞിരിക്കുന്നത്

(എബ്രാ. 4:16). കരുണയും കൃപയും ഒന്നല്ല. കരുണ പരാമർശിക്കുന്നത് നമ്മുടെ പാപക്ഷമയാണ്. അത് ഭൂതകാലവുമായി ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ നമുക്കു കൃപയും ആവശ്യമുണ്ട് - ഭാവിയിൽ, ആവശ്യത്തിന്റെ സമയത്ത്, നമ്മുടെ തക്കസമയം എന്നത് നാം പ്രലോഭിപ്പിക്കപ്പെടുന്ന സമമയമാണ്. ഏതാണ്ട് നാം വീഴാൻ തുടങ്ങുമ്പോൾ- ഗലീലക്കടലിൽ മുങ്ങാൻ തുടങ്ങിയ പത്രൊസിനെപ്പോലെ, (മത്താ. 14:30). അപ്പോഴാണ് നാം കൃപയ്ക്കായി കരയേണ്ടത്; യേശു പെട്ടെന്ന് പത്രൊസിനെ പിടിക്കാനായി തന്റെ കൈ നീട്ടിയതുപോലെ, നമുക്കും വീഴാതെ നിൽക്കുവാനായി നാം കണ്ടെത്തും. ദൈവം നമ്മെ വീഴാതെ സൂക്ഷിക്കും എന്നുറപ്പിക്കുന്ന അത്ഭുതകരമായ വാഗ്ദത്തങ്ങൾ ദൈവവചനത്തിൽ ഉണ്ട്. ഇതിൽ ചിലത് നമുക്ക് നോക്കാം.

ഒന്നാമതായി, അവിടുന്ന് ഒരിക്കലും നമുക്കു ജയിക്കാൻ കഴിയാത്ത ഒരു പ്രലോഭനങ്ങളാലും നാം പ്രലോഭിപ്പിക്കപ്പെടുവാൻ അനുവദിക്കുകയില്ലെന്ന് ദൈവം വാഗ്ദത്തം ചെയ്തിട്ടുണ്ട്. "... ദൈവം വിശ്വസ്തൻ നിങ്ങൾക്കു കഴിയുന്നതിനു മീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ നിങ്ങൾക്കു സഹിപ്പാൻ കഴിയേണ്ടതിന് പരീക്ഷയോടുകൂടെ അവൻ പോക്കു വഴിയും ഉണ്ടാക്കും (1 കൊരി. 10:43). ദൈവവചനം ഇങ്ങനെയും പറയുന്നു "വീഴാതെവണ്ണം നിങ്ങളെ സൂക്ഷിച്ച് തന്റെ മഹിമാസന്നിധിയിൽ കളങ്കമില്ലാത്തവരായി ആനന്ദത്തോടെ നിറുത്തുവാൻ അവൻ ശക്തൻ (യൂദാ.24). ഇവയും ദൈവവചനത്തിൽ നമുക്ക് നൽകപ്പെട്ടിരിക്കുന്ന അത്ഭുതകരമായ മറ്റനേകം വാഗ്ദത്തങ്ങളും നമുക്കുള്ളതുകൊണ്ട് നമുക്ക് ഇനി ഒരിക്കലും പാപം ചെയ്യേണ്ട ആവശ്യമില്ല. ഇനി നമ്മുടെ ജീവിതം ദൈവത്തിന്റെ ഇഷ്ടം മാത്രം ചെയ്തു ജീവിക്കാം (1പത്രൊ. 4:2ൽ പറയുന്നതുപോലെ).